# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LII - JK 86 | 2024 APRIL 15 | No.4


## CIRCULAR - 13

### ദൈവവിളികൾക്കായുള്ള 2024-ലെ 61-ാമത് ആഗോള പ്രാർഥനാദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം

**(ഏപ്രിൽ 21, 2024)**

### പ്രത്യാശയുടെ വിത്തുകൾ വിതയ്ക്കാനും സമാധാനം സംസ്ഥാപിക്കാനും വിളിക്കപ്പെടുന്നത്

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവവിളികൾക്കായുള്ള ആഗോള പ്രാർഥനാദിനത്തിൽ ഓരോ വർഷവും കർത്താവ് നമുക്ക് ഓരോരുത്തർക്കും നൽകുന്ന അമൂല്യവിളിയെക്കുറിച്ച് ചിന്തിക്കാൻ അവിടന്ന് നമ്മെ ക്ഷണിക്കുന്നു. തന്റെ വിശ്വസ്ത തീർഥാടക ജനത്തിലെ അംഗങ്ങൾ എന്ന നിലയിൽ അവിടത്തെ സ്നേഹം നിറഞ്ഞ പദ്ധതിയിൽ പങ്കുചേരാനും സുവിശേഷത്തിന്റെ സൗന്ദര്യം ജീവിതത്തിന്റെ വ്യത്യസ്ത അന്തസ്സുകളിൽ പ്രകാശിതമാക്കാനും ആണ് ഈ വിളി. ദൈവിക വിളി കേൾക്കുക എന്നത് നമ്മുടെ സന്തോഷത്തിനായുള്ള അഗാധമായ ആഗ്രഹം സഫലീകരിക്കാനുള്ള

സുനിശ്ചിതമായ മാർഗമാണ്; ആ വിളി നമ്മുടെ മേൽ - അത് ഒരു മതാത്മക ആദർശത്തിന്റെ അടിസ്ഥാനത്തിൽ ആണെങ്കിൽപ്പോലും - അടിച്ചേൽപ്പിക്കപ്പെട്ട ഒരു കടമയല്ല. നാം ആരാണെന്ന് സ്വയം മനസ്സിലാക്കുമ്പോൾ, നമുക്കുള്ള ദാനങ്ങൾ എന്താണെന്ന് കണ്ടെത്തുമ്പോൾ, എവിടെയാണ് നമുക്ക് ഫലം പുറപ്പെടുവിക്കാമെന്നത് തിരിച്ചറിയുമ്പോൾ, നാം എവിടെത്തന്നെയായിരുന്നാലും, സ്നേഹത്തിന്റെ അടയാളങ്ങളും ഉപകരണങ്ങളും, തുറവിയോടെ മറ്റുള്ളവരെ സ്വീകരിക്കാനുള്ള താത്പര്യവും സൗന്ദര്യവും ശാന്തിയും ആർജിക്കാനുള്ള മാർഗങ്ങളും നാം കണ്ടെത്തുമ്പോൾ നമ്മുടെ ജീവിതങ്ങൾ സഫലീകൃതമാകും.

ആകയാൽ, തങ്ങളുടെ അസ്തിത്വത്തെ മുഴുവൻ ചൂഴ്ന്നുനിൽക്കുന്ന ഈ വിളിയിൽ വിശ്വസ്തമായി നിലനിൽക്കാനായി നിരന്തരമുള്ള രഹസ്യശ്രമങ്ങൾ നടത്തിക്കൊണ്ട് അതിന് ഉത്തരം നൽകുന്ന എല്ലാവരെയും ഓർക്കാനും കർത്താവിനു കൃതജ്ഞത അർപ്പിക്കാനും ഈ ദിനം ഉത്തമമായ ഒരു അവസരം ഒരുക്കുന്നു. പ്രഥമമായി തങ്ങളെക്കുറിച്ചു ചിന്തിക്കാതിരിക്കുകയും നൈമിഷികമാവിധം മിന്നിമറയുന്ന പരിഷ്കാരങ്ങളെ പിഞ്ചെല്ലാതിരിക്കുകയും ചെയ്യുന്ന മാതാപിതാക്കന്മാരെ ഞാൻ അനുസ്മരിക്കുന്നു. അവർ തങ്ങളുടെ ജീവിതങ്ങൾ രൂപപ്പെടുത്തുന്നത് ബന്ധങ്ങൾ വഴിയാണ്; ആ ബന്ധങ്ങളാകട്ടെ സ്നേഹത്തിലും ആർദ്രതയിലും ജീവന്റെ ദാനത്തോടുള്ള തുറവിലും തങ്ങളുടെ മക്കളോടുള്ള പ്രതിജ്ഞാബദ്ധതയിലും പക്വതയിലുള്ള വളർച്ചയിലും ഉൾപ്പെട്ടിരിക്കുന്നതാണ്. മറ്റുള്ളവരുമായി സഹകരണചൈതന്യത്തോടെ തങ്ങളുടെ ജോലി നിർവഹിക്കുന്നവരെയും കൂടുതൽ നീതിയുക്തമായ ഒരു ലോകത്തെ കെട്ടിപ്പടുക്കുന്നതിനും കൂടുതൽ ബലമുള്ള ഒരു സമ്പദ് വ്യവസ്ഥയും സമദർശിയായ ഒരു സാമൂഹ്യനയവും കൂടുതൽ മാനുഷികമായ ഒരു സമൂഹവും രൂപവൽക്കരിക്കുന്നതിനുമായി വ്യത്യസ്തങ്ങളായ മാർഗങ്ങളിലൂടെ ശ്രമിക്കുന്നവരെയും ഞാൻ അനുസ്മരിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ, പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനായി തങ്ങളുടെ ജീവിതം സമർപ്പിക്കുന്ന സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാരെയും ഞാൻ ഓർക്കുന്നു. മാത്രമല്ല, പ്രാർഥനയുടെ നിശബ്ദതയിലും അപ്പസ്തോലിക പ്രവർത്തനത്തിലും ഏർപ്പെട്ടിരുന്നുകൊണ്ട് തങ്ങളുടെ

ജീവിതങ്ങൾ കർത്താവിനു കാഴ്ചവച്ചുകൊണ്ടു പ്രവർത്തിക്കുന്ന സമർപ്പിതരായ എല്ലാ സ്ത്രീപുരുഷന്മാരെയും ഞാനോർക്കുന്നു; ചിലപ്പോഴൊക്കെ അവർ പ്രവൃത്തി എടുക്കുന്നത് സമൂഹത്തിന്റെ അതിർവരമ്പുകളിലാണ്; അവർ തങ്ങൾക്കു ചുറ്റുമുള്ളവരെ ശുശ്രൂഷിച്ചുകൊണ്ട് അക്ഷീണം തങ്ങളുടെ ദാനങ്ങൾ (charisms) ക്രിയാത്മകമാവിധം പരിപോഷിപ്പിക്കുന്നു. ശുശ്രൂഷാപൗരോഹിത്യ ത്തിലേക്കുള്ള ദൈവത്തിന്റെ വിളി സ്വീകരിച്ചിട്ടുള്ള എല്ലാവരെയും ഞാൻ ഓർക്കുന്നു. അവർ സുവിശേഷപ്രഘോഷണത്തിനായി സ്വയം സമർപ്പിക്കുമ്പോൾ ത്തന്നെ ദിവ്യകാരുണ്യ അപ്പത്തോടൊപ്പം തങ്ങ ളുടെ ജീവിതങ്ങൾ തന്നെ സഹോദരീ സഹോദരന്മാർക്കായി മുറിച്ചു വിളമ്പുന്നതിനും അങ്ങനെ പ്രത്യാശയുടെ വിത്തുകൾ വിതയ്ക്കുന്ന തിനും ദൈവരാജ്യ ത്തിന്റെ സൗന്ദര്യം എല്ലാവർക്കും വെളിപ്പെടുത്തി കൊടുക്കുന്നതിനും തയ്യാറാകുന്നു.

യുവതീയുവാക്കളോട്, പ്രത്യേകിച്ച് സഭയിൽനിന്ന് വിദൂരത്ത് ആയിരിക്കുകയും സഭയെക്കുറിച്ച് ഒരു നിശ്ചയവും ഇല്ലാതിരിക്കുകയും ചെയ്യുന്നവരോട്, ഞാൻ ഇപ്രകാരം പറയുന്നു: യേശുതന്നെയും നിങ്ങളെ അവന്റെ അടുത്തേക്ക് കൊണ്ടുവരട്ടെ. സുവിശേഷങ്ങൾ വായി ക്കുന്നതിലൂടെ ഉയർന്നുവരുന്ന നിങ്ങളുടെ പ്രധാനപ്പെട്ട ചോദ്യങ്ങൾ അവന്റെ പക്കലേക്ക് കൊണ്ടുവരിക; തന്റെ സാന്നിധ്യംവഴിയായി അവൻ നിങ്ങളെ വെല്ലുവിളിക്കട്ടെ; അവന്റെ സാന്നിധ്യം എപ്പോഴും ആരോഗ്യകരമായ ഒരു പ്രതിസന്ധി സൃഷ്ടിക്കുന്നതാണ്. മറ്റാരെയും കാൾ യേശു നമ്മുടെ സ്വാതന്ത്ര്യത്തെ മാനിക്കുന്നു. യേശു ഒരിക്കലും ഒന്നും അടിച്ചേൽപ്പിക്കുകയില്ല; നിർദ്ദേശിക്കുകമാത്രം ചെയ്യും. അവന് ഇടം കൊടുക്കുക; അവനെ അനുഗമിക്കുന്നതുവഴിയായി നിങ്ങൾ നിശ്ചയമായും സന്തോഷത്തിന്റെ വഴി കണ്ടെത്തും. അവൻ നിങ്ങളോട് ആവശ്യപ്പെട്ടാൽ, നിങ്ങളെത്തന്നെ പൂർണമായി അവനു നൽകുക.

### പാതയിൽ ആയിരിക്കുന്ന ജനം

ക്രൈസ്തവ സമൂഹം അംഗീകരിക്കുകയും അനുഗമനംചെയ്യു കയും ചെയ്യുന്ന വ്യത്യസ്തങ്ങളായ ദാനങ്ങളുടെയും ദൈവവിളികളു ടെയും സ്വരലയം ക്രിസ്ത്യാനികൾ ആയിരിക്കുക എന്നാൽ എന്താണെ ന്നുള്ളതിനെ കൂടുതൽ വിലമതിക്കാൻ നമ്മെ സഹായിക്കുന്നു.

ക്രിസ്തുവിന്റെ ശരീരത്തിലെ സജീവ ശിലകളും നാം അവന്റെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതുമായ ഈ ലോകത്തിലെ ദൈവത്തിന്റെ ജനം എന്ന നിലയ്ക്ക് വളരെ വലിയ ഒരു കുടുംബത്തിലെ അംഗങ്ങളാണെന്നും പിതാവിന്റെ മക്കൾ എന്ന നിലയിൽ പരസ്പരം സഹോദരീസഹോദരന്മാരാണെന്നും തിരിച്ചറിയുന്നു. നാം നമ്മിൽത്തന്നെ ഒതുങ്ങുന്ന ദ്വീപുകൾ അല്ല, പ്രത്യുത വലിയൊരു പൂർണതയുടെ വിവിധ ഭാഗങ്ങളാണ്. ഈ അർഥത്തിൽ ദൈവവിളികൾക്കായുള്ള ആഗോള പ്രാർഥനാദിനത്തിന് ഒരു സിനഡാത്മക സ്വഭാവമുണ്ട്: നമ്മുടെ വ്യത്യസ്തങ്ങളായ ദാനങ്ങൾക്കിടയിൽ പരസ്പരം ശ്രവിക്കാനും ഒരുമിച്ചു സഞ്ചരിക്കാനും നാം ക്ഷണിക്കപ്പെടുന്നു; അത് ഓരോരുത്തരെയും അംഗീകരിക്കാനും എല്ലാവരുടെയും നന്മയ്ക്കായി എവിടേക്കാണ് ആത്മാവ് നമ്മെ നയിക്കുന്നത് എന്നത് വിവേചിച്ചറിയാനും വേണ്ടിയാണ്.

ഈ കാലസന്ധിയിൽ നമ്മുടെ പൊതുവായ സഞ്ചാരം 2025-ലെ ജൂബിലി ആഘോഷത്തിലേക്കാണ് നമ്മെ കൊണ്ടെത്തിക്കുന്നത്. വിശുദ്ധ വർഷത്തിലേക്ക് 'പ്രത്യാശയുടെ തീർഥാടകരായി' ഒരുമിച്ച് യാത്ര ചെയ്യാം. എന്തെന്നാൽ, നമ്മുടെതന്നെ വിളി കണ്ടെത്തുകയും ആത്മാവ് വർഷിക്കുന്ന വിവിധങ്ങളായ ദാനങ്ങളുടെ ഇടയിൽ അതിന്റെ സ്ഥാനം നമുക്ക് കണ്ടെത്തുകയും ചെയ്യാം; അങ്ങനെ ദൈവത്തിന്റെ സ്നേഹത്താലും ഉപവിയുടെയും സഹകരണത്തിന്റെയും സാഹോദര്യത്തിന്റെയും ശൃംഖലകളാലും ബന്ധിക്കപ്പെട്ട് ഒന്നായി തീർന്നുകൊണ്ട് നമ്മുടെ ലോകത്തിനു ഏക മനുഷ്യ കുടുംബം എന്ന യേശുവിന്റെ സ്വപ്നത്തിന്റെ സാക്ഷികളും സന്ദേശവാഹകരും നമുക്ക് ആയിത്തീരാം.

തന്റെ രാജ്യത്തിന്റെ നിർമിതിക്കായി വിശുദ്ധമായ ദൈവവിളികൾക്കായി പിതാവിനോടു സവിശേഷമായി യാചിക്കാനുള്ള ഒരു ദിനമാണിന്ന്: 'തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു നിങ്ങൾ പ്രാർഥിക്കുവിൻ' (ലൂക്കാ 10:2). നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, പ്രാർഥന എന്നത് അവിടത്തോട് സംസാരിക്കുക എന്നതിലുപരി അവിടത്തെ ശ്രവിക്കുക എന്നതത്രേ. ദൈവം നമ്മുടെ ഹൃദയത്തോടു സംസാരിക്കുന്നു; അത്

തുറന്നിരിക്കുന്നത് കാണാൻ അവിടന്ന് ആഗ്രഹിക്കുന്നു; അത് ആത്മാർഥവും ഉദാരവുമായതും ആയിരിക്കണം. യേശുക്രിസ്തുവിൽ മാംസംധരിച്ച അവിടത്തെ വചനം പിതാവിന്റെ ഹിതം പൂർണമായും നമുക്ക് വെളിപ്പെടുത്തിത്തന്നു.

ജൂബിലിയുടെ ഒരുക്കത്തിനായുള്ള പ്രാർഥനയ്ക്കായി മാറ്റി വെച്ചിരിക്കുന്ന ഈ വർഷം കർത്താവുമായുള്ള ഹൃദയപൂർവമായ സംഭാഷണത്തിൽ ഏർപ്പെടുന്നതിനുള്ള നമ്മുടെ അമൂല്യ അനുഗ്രഹ മായ കഴിവ് വീണ്ടും കണ്ടെത്താനും അങ്ങനെ പ്രത്യാശയുടെ തീർ ഥാടകരായി തീരാനും നാം ക്ഷണിക്കപ്പെടുന്നു. എന്തെന്നാൽ 'പ്രത്യാ ശയുടെ ആദ്യത്തെ ശക്തി പ്രാർഥനയാണ്. നിങ്ങൾ പ്രാർഥിക്കുമ്പോൾ പ്രത്യാശ വർധിക്കുന്നു; അത് മുന്നോട്ട് നയിക്കുന്നു. പ്രാർഥനയാണ് പ്രത്യാശയുടെ വാതിൽ തുറക്കുന്നത്. പ്രത്യാശ അവിടെ ഉണ്ട്; എന്റെ പ്രാർഥനവഴി ഞാൻ വാതിൽ തുറക്കുന്നു' (*Catechesis*, 20 May 2020).

**പ്രത്യാശയുടെ തീർഥാടകരും സമാധാനത്തിന്റെ വിധാതാക്കളും**

എന്നാൽ തീർഥാടകരായിരിക്കുക എന്നു പറഞ്ഞാൽ എന്താണ്? തീർഥാടനത്തിനു പോകുന്നവർ മുഖ്യമായും തങ്ങളുടെ ദൃഷ്ടികൾ ഒരു ലക്ഷ്യത്തിൽ പതിപ്പിക്കുന്നു; അത് അവരുടെ മനസ്സിലും ഹൃദയ ത്തിലും എപ്പോഴും ഉണ്ടായിരിക്കുന്നതിനുവേണ്ടിയാണ്. ആ ലക്ഷ്യം പ്രാപിക്കാൻ അവർ ഓരോ ചുവടിലും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ആകയാൽ, കുറഞ്ഞ ഭാരവുമായി സഞ്ചരിക്കണം. അതായത്, തങ്ങളെ ഭാരപ്പെടുത്തുന്ന എല്ലാം ഉപേക്ഷിക്കേണ്ടതുണ്ട്; അത്യാവശ്യം വേണ്ടവ മാത്രം വഹിക്കുകയും ഓരോ ദിവസവും ക്ഷീണവും ഭയവും അനിശ്ചി തത്വവും മുരടിപ്പും ഒക്കെ ഒഴിവാക്കുകയും വേണം. തീർഥാടകർ ഓരോ ദിവസവും ആരംഭിക്കുന്ന ആളുകളാണ്; അവർ നവമായി തുടങ്ങുന്നു. യാത്ര ക്ഷീണം ഉളവാക്കുന്നതും ദുഷ്കരവും ആണെങ്കിൽപ്പോലും അതിന്റെ ഓരോ ഭാഗത്തും ആവശ്യമായുള്ള താത്പര്യവും ശക്തിയും ഓരോ ദിവസവും അവർ കണ്ടെത്തുന്നു; അപ്പോൾ പുതിയ ചക്ര വാളങ്ങൾ മിഴിതുറക്കുകയും നാം മുമ്പ് കണ്ടിട്ടില്ലാത്ത വീഥികൾ തുറന്നുവരികയും ചെയ്യും.

നമ്മുടെ ക്രൈസ്തവ തീർഥാടനത്തിന്റെ ആത്യന്തിക അർഥം ഇതാണ്: ദൈവസ്നേഹം കണ്ടെത്താനായി നാം ഇറങ്ങിപ്പുറപ്പെടുന്നു; അതേസമയംതന്നെ നാം നമ്മെത്തന്നെയും കണ്ടെത്തുന്നു; അതായത്,

നമ്മുടെ ഉള്ളിൽത്തന്നെ നടത്തുന്ന യാത്രവഴിയായി; അത് പരിപോഷി പ്പിക്കപ്പെടുന്നത് മറ്റുള്ളവരുമായുള്ള ബന്ധംവഴിയാണ്. നമ്മൾ വിളിക്ക പ്പെട്ടിരിക്കുന്നതിനാലാണ് തീർഥാടകരായിരിക്കുന്നത്: ദൈവത്തെ സ്നേഹിക്കാനും പരസ്പരം സ്നേഹിക്കാനും വിളിക്കപ്പെട്ടിരിക്കു ന്നവർ. ഈ ലോകത്തിലുള്ള നമ്മുടെ തീർഥാടനം ലക്ഷ്യമില്ലാതെ മുന്നേറുന്നതോ അലഞ്ഞു തിരിയുന്നതോ അല്ല. മറിച്ച്, ഓരോ ദിവ സവും ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് ഒരു പുതിയ ലോകത്തിലേക്ക് കാൽവയ്ക്കാനുള്ള ശ്രമം നാം നടത്തുന്നു; അവിടെ എല്ലാവർക്കും സമാധാനത്തിലും നീതിയിലും വസിക്കാ നാകും. നമ്മൾ പ്രത്യാശയുടെ തീർഥാടകരാണ്; കാരണം, നമ്മൾ കൂടുതൽ ശോഭനമായ ഒരു ഭാവിയിലേക്കാണ് കുതിക്കുന്നത്; ഓരോ കാൽവയ്പ്പിലും അത് സാക്ഷാത്കരിക്കാൻ നാം പ്രതിജ്ഞാ ബദ്ധരാണ്.

യഥാർഥത്തിൽ ഓരോ ദൈവവിളിയുടെയും ലക്ഷ്യം ഇതാണ്: പ്രത്യാശയുടെ സ്ത്രീപുരുഷന്മാരായി ഭവിക്കുക. ഐതിഹാസികമായ വെല്ലുവിളികളാൽ കലുഷിതമായ ഇന്നത്തെ ലോകത്ത്, വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ, നമ്മുടെ വ്യത്യസ്തങ്ങളായ ദാനങ്ങളും ശുശ്രൂഷകളും വഴിയായി സുവിശേഷസന്ദേശമായ പ്രത്യാശയുടെ ആൾരൂപങ്ങളും സന്ദേശവാഹകരും ആകാൻ നാം വിളിക്കപ്പെട്ടിരി ക്കുന്നു. ഈ കാലസന്ധി വിവിധ ഇടങ്ങളിലായി കുറേശ്ശയായി പൊരു തപ്പെടുന്ന മൂന്നാം ലോകമഹായുദ്ധത്തിന്റെ വിനാശകരമായ മായാ വലയത്തിലാണ്. കൂടുതൽ നല്ല ഒരു ഭാവിയെ അന്വേഷിക്കുന്നതിന്റെ ഭാഗമായി തങ്ങളുടെ സ്വന്തം നാടുകൾ ഉപേക്ഷിച്ച് ദേശാന്തരഗമനം ചെയ്യുന്നവരുടെ പ്രവാഹം, വർധിതമായിക്കൊണ്ടിരിക്കുന്ന ദരിദ്രരുടെ എണ്ണം, നമ്മുടെ ഈ ഗ്രഹത്തിന്റെ ആരോഗ്യം തിരിച്ചുപിടിക്കാ നാകാത്തവിധമുള്ള പ്രശ്നങ്ങൾ എന്നിവ ഇവയിൽ ചിലതാണ്. ഇങ്ങനെയുള്ള ഒട്ടനവധി പ്രശ്നങ്ങളാണ് നാം ദിവസവും അഭിമുഖീ കരിക്കുന്നത്; അവ പലപ്പോഴും നമ്മെ കീഴടങ്ങലിലേക്കും പരാജയം അംഗീകരിക്കുന്നതിലേക്കും കൊണ്ടെത്തിക്കുന്നു.

ആകയാൽ, നമ്മുടെ ഈ ദിനങ്ങളിൽ ക്രിസ്ത്യാനികളായ നാം പ്രത്യാശഭരിതമായ ഒരു കാഴ്ചപ്പാട് പുലർത്തുക എന്നത് അനിവാര്യ മാണ്. ദൈവരാജ്യത്തിന്റെ സ്നേഹത്തിനും നീതിക്കും സമാധാന

ത്തിനും വേണ്ടിയുള്ള ശുശ്രൂഷയുടെ ഭാഗമായി നമുക്ക് ലഭിച്ചിട്ടുള്ള ദൈവവിളിക്ക് ഫലപ്രദമാംവിധം ഉത്തരം നൽകിക്കൊണ്ട് നാം പ്രവർത്തിക്കണം. ഈ പ്രത്യാശ നമ്മെ, വിശുദ്ധ പൗലോസ് പറയുന്നതു പോലെ 'നിരാശരാക്കുന്നില്ല' (റോമ 5:5). കാരണം, കർത്താവ് നമ്മോടൊപ്പം എപ്പോഴും വസിക്കും എന്നും, ഓരോ വ്യക്തിയുടെയും ഹൃദയത്തിലും സൃഷ്ടിയുടെതന്നെ 'ഹൃദയത്തിലും' അവിടന്ന് നിവർത്തിയാക്കാൻ ആഗ്രഹിക്കുന്ന രക്ഷാകര പ്രവൃത്തിയിൽ നമ്മെയും പങ്കാളികളാക്കും എന്നും ഉള്ള അവിടത്തെ വാഗ്ദാനത്തിലും അധിഷ്ഠിതമാണിത്. ക്രിസ്തുവിന്റെ ഉത്ഥാനത്തിലാണ് ഈ പ്രത്യാശ അതിന്റെ മുന്നോട്ടുള്ള ഗതിശക്തി കണ്ടെത്തുന്നത്. എന്തെന്നാൽ, 'ഈ ലോകം മുഴുവൻ നിറച്ച ഒരു ജീവശക്തി ഉത്ഥാനത്തിനുണ്ട്. എല്ലാം മരണത്തിന് അധീനമായി എന്ന് തോന്നുന്നിടത്ത് പെട്ടെന്ന് ഉത്ഥാനത്തിന്റെ അടയാളങ്ങൾ ഉയർന്നുവരുന്നു. അത് ആർക്കും തടുക്കാനാവാത്ത ഒരു ശക്തിയാണ്. ദൈവമില്ലെന്ന് പലപ്പോഴും തോന്നിപ്പോകും. കാരണം, നമുക്ക് ചുറ്റും എല്ലായിടത്തും സ്ഥിരമായ അനീതിയും തിന്മയും നിസ്സംഗതയും ക്രൂരതയും നാം കാണുന്നു. എന്നാൽ, ഇരുട്ടിന്റെ മധ്യത്തിലും പുതിയ എന്തെങ്കിലും ജീവനിലേക്ക് വരുന്നു എന്നതും ഒരു യാഥാർഥ്യമാണ്; അത് പെട്ടെന്നോ പിന്നീടോ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു' (*സുവിശേഷത്തിന്റെ സന്തോഷം* = *Evangelii Gaudium*, 276). പൗലോസ് അപ്പോസ്തലൻ പിന്നെയും നമ്മോട് പറയുന്നു, പ്രത്യാശയാലാണ് നാം രക്ഷിക്കപ്പെട്ടത് (റോമ 8:24). പെസഹാരഹസ്യത്തിൽ പൂർത്തിയാക്കപ്പെട്ട വീണ്ടെടുപ്പ് പ്രത്യാശയുടെ സ്രോതസ്സാണ്. അത് സുനിശ്ചിതവും വിശ്വാസയോഗ്യവുമായ പ്രത്യാശയാണ്; അതുമൂലം നമുക്ക് ഇക്കാലത്തെ വെല്ലുവിളികളെ നേരിടാൻ ആകും.

ആകയാൽ, പ്രത്യാശയുടെ തീർഥാടകരും സമാധാനത്തിന്റെ വിധാതാക്കളും ആയിരിക്കുക എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ ഉത്ഥാനം എന്ന പാറമേൽ നമ്മുടെ ജീവിതങ്ങൾ പടുത്തുയർത്തുക എന്നത്രേ. അത് നാം ആശ്ലേഷിക്കുകയും ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വിളിക്ക് അനുയോജ്യമായി നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും വ്യർഥമായി തീരുകയില്ല എന്ന ബോധ്യത്തിലേക്ക് നമ്മെ നയിക്കുന്നതാകും. വഴിമധ്യേ പരാജയങ്ങളും തടസ്സങ്ങളും ഉണ്ടാ

യേക്കാം; പക്ഷേ, നാം വിതയ്ക്കുന്ന നന്മയുടെ വിത്തുകൾ നിശബ്ദമായി വളർന്നുകൊണ്ടിരിക്കും. ആത്യന്തിക ലക്ഷ്യത്തിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കാൻ ഒന്നിനും സാധിക്കുകയില്ല; അതായത്, ക്രിസ്തുവുമായുള്ള കണ്ടുമുട്ടലും സഹോദരസ്നേഹത്തിൽ നിത്യമായി ജീവിക്കുന്നതിന്റെ ആനന്ദവും എന്ന ലക്ഷ്യം. ഈ ആത്യന്തിക വിളി ഓരോ ദിവസവും നാം മുൻകൂട്ടി അനുഭവിക്കേണ്ടതാണ്; അതായത്, ഇപ്പോൾത്തന്നെ ദൈവമായും നമ്മുടെ സഹോദരീസഹോദരന്മാരുമായും നമുക്കുള്ള സ്നേഹബന്ധം ഐക്യത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റേതുമായ ദൈവത്തിന്റെ സ്വപ്നം നിലവിൽ വരുത്തുന്നതിന്റെ ആരംഭംകുറിക്കുന്നതാണ്. ഒരാൾക്കും ഈ വിളിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാകാതിരിക്കട്ടെ. നമുക്ക് ഓരോരുത്തർക്കും, നമ്മുടെതന്നെ എളിയ മാർഗങ്ങളിലൂടെ, നമ്മുടെ ജീവിതാന്തസ്സിന്റെ പ്രത്യേക സാഹചര്യമനുസരിച്ച്, ആത്മാവിന്റെ സഹായത്തോടെ, പ്രത്യാശയുടെയും സമാധാനത്തിന്റെയും വിത്തുകൾ വിതയ്ക്കുന്നവരായിത്തീരാൻ സാധിക്കും.

**പ്രതിജ്ഞാബദ്ധം ആകാനുള്ള ധൈര്യം**

ഈ പശ്ചാത്തലത്തിൽ, ഞാൻ ആഗോള യുവജനദിനത്തിൽ ലിസ്ബണിൽ പറഞ്ഞതുപോലെ, വീണ്ടും പറയട്ടെ, 'എഴുന്നേൽക്കുവിൻ!' നിദ്രവിട്ട് നമുക്ക് എഴുന്നേൽക്കാം, നിസ്സംഗത നമുക്ക് ഒഴിവാക്കാം; പലപ്പോഴും നാം നമ്മെത്തന്നെ സ്വയം അടച്ചുപൂട്ടുന്ന തടവറയുടെ വാതിലുകൾ നമുക്ക് തുറക്കാം. അങ്ങനെ നമുക്ക് ഓരോരുത്തർക്കും സഭയിലും ലോകത്തിലുമുള്ള നമ്മുടെ ദൈവവിളി കണ്ടെത്തുകയും പ്രത്യാശയുടെ തീർഥാടകരും സമാധാനത്തിന്റെ വിധാതാക്കളും ആയി മാറാം. ജീവിതത്തെക്കുറിച്ച് നമുക്ക് ആവേശഭരിതരാകാം; നാം ജീവിക്കുന്ന ഓരോയിടത്തും നമുക്ക് ചുറ്റുമുള്ളവരെ സ്നേഹപൂർവ്വം ശുശ്രൂഷിക്കുന്നതിന് നമുക്ക് പ്രതിജ്ഞാബദ്ധരാകാം. വീണ്ടും ഞാൻ പറയട്ടെ, 'പ്രതിജ്ഞാബദ്ധരാകാനുള്ള ധൈര്യമുണ്ടായിരിക്കുക!' എപ്പോഴും ദരിദ്രരുടെയും അരക്ഷിതരുടെയും ചാരെ നിന്നിരുന്ന സ്നേഹത്തിന്റെ അക്ഷീണനായ അപ്പോസ്തലനായിരുന്ന ഒരെസ്തേ ബെൻസി എന്ന വൈദികൻ പലപ്പോഴും പറയുമായിരുന്നു: ഒന്നും നൽകാൻ കഴിയാത്തവിധം ഒരാളും അത്രയ്ക്ക് നിർധനനല്ല; ഒന്നും സ്വീകരിക്കേണ്ട ആവശ്യമില്ലാത്തവിധം ഒരാളും അത്രയ്ക്ക് ധനവാനും അല്ല.

ആകയാൽ നമുക്ക് എഴുന്നേൽക്കാം; പ്രത്യാശയുടെ തീർഥാടകരായി നമുക്ക് പുറപ്പെടാം; മറിയം എലിസബത്തിനായിരുന്നതുപോലെ, നമുക്ക് സന്തോഷത്തിന്റെ സന്ദേശവാഹകരാകാം; നമുക്ക് പുതുജീവന്റെ സ്രോതസ്സുകളും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും ശില്പികളുമാകാം.

ജോൺ ലാറ്ററൻ ദേവാലയം, റോമാ
ഏപ്രിൽ 21, 2024, പെസഹാകാലത്തിലെ നാലാം ഞായർ

**ഫ്രാൻസിസ് പാപ്പാ**

---

N.B.: **ഈ സർക്കുലർ 2024 ഏപ്രിൽ 21-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

## CIRCULAR - 14

# മെയ്ദിന സന്ദേശം - 2024

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

മെയ് 1-ാം തീയതി ബുധനാഴ്ച തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ നാം ആഘോഷിക്കുന്നു. സാർവ്വദേശീയ തൊഴിലാളി ദിനവുമാണ് അന്ന്. തൊഴിലാളിദിനത്തോടനുബന്ധിച്ച് കെ.സി.ബി.സി. ലേബർ കമ്മീഷൻ പുറപ്പെടുവിച്ച മെയ്ദിന സന്ദേശം അയയ്ക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം **2024 ഏപ്രിൽ 28-ാം തീയതി ഞായറാഴ്ച ദിവ്യബലിമധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.**

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2024 ഏപ്രിൽ 15-ാം തീയതി.

എറണാകുളം
15.04.2024

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2024

**"തൊഴിലിനെയും തൊഴിലിന്റെ അന്തസ്സിനെയും നിഷേധിക്കുക എന്നതിനേക്കാൾ മോശമായ ഒരു ദാരിദ്ര്യാവസ്ഥയില്ല"**

*(ഫ്രാൻസിസ് പാപ്പ, ഫ്രത്തേലി തൂത്തി 162)*

ക്രിസ്തുവിൽ പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ സർവ്വവിധ മംഗളങ്ങളും എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ആശംസിക്കുന്നു. തൊഴിലാളി സമൂഹത്തോടുള്ള തിരുസ്സഭയുടെ പ്രത്യേക കരുതലിന്റെ പ്രതീകമെന്ന നിലയിൽ മെയ് ഒന്നിനു തന്നെയാണ് ആഗോള കത്തോലിക്കാസഭ തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചുവരുന്നത്. നമ്മുടെ നാഥനും രക്ഷകനുമായിരുന്ന യേശുവും തൊഴിലാളിയായിരുന്നുവെന്നു (മാർക്ക് 6:3) നമുക്ക് ഓർക്കാം.

"ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിൽ മാത്രമല്ല, രക്ഷാകർമ്മത്തിലും തൊഴിലിലൂടെ മനുഷ്യർ പങ്കുചേരുന്നുവെന്നാണ്" തിരുസ്സഭ പഠിപ്പിക്കുന്നത് *(263, തിരുസ്സഭയുടെ സാമൂഹിക പ്രബോധനം-സംക്ഷേപം)*. തൊഴിലിനും തൊഴിലിന്റെ കർത്താവായ തൊഴിലാളിക്കും ഏറ്റവും ഉന്നതമായ സ്ഥാനമാണ് തിരുസ്സഭ കല്പിച്ചനുവദിച്ചിട്ടുള്ളത്.

പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ തിരുസ്സഭയെ സിനഡൽ സഭയായി രൂപപ്പെടുത്താനുള്ള ശ്രമത്തിലാണ്. എല്ലാ വിശ്വാസികളുടെയും ഒത്തൊരുമയിലും പങ്കാളിത്തത്തിലും പ്രേഷിതത്വത്തിലും സജീവതയോടെ നിറഞ്ഞു നിൽക്കുന്നതാണ് സിനഡൽ സഭ. സിനഡൽ സഭയുടെ ആവിർഭാവത്തിനായി പരിശുദ്ധ പിതാവിന്റെ ഈ പ്രവർത്തനത്തിൽ എല്ലാ തൊഴിലാളികളും സജീവമായി പങ്കുചേരണമെന്നു ആഹ്വാനം ചെയ്യുന്നു.

സിനഡൽ സഭ രൂപപ്പെടുത്താനുള്ള അല്മായരുടെ സവിശേഷ പ്രവർത്തനമേഖലകളെയും രീതികളെയും സംബന്ധിച്ച് സിനഡ് സമ്മേളനത്തിന്റെ അവസാനം പുറത്തിറക്കിയ സിനർജി രേഖയിൽ

ഇങ്ങനെ വിവരിക്കുന്നു. "പൊതുനന്മയ്ക്കുവേണ്ടിയും, മനുഷ്യജീവിതത്തിന്റെ അന്തസ്സുയർത്തുന്നതിനു വേണ്ടിയുമുള്ള പ്രവർത്തനങ്ങളിൽ പ്രതിബദ്ധതയോടെ ഏർപ്പെടുക എന്നത് എല്ലാ ക്രൈസ്തവരുടെയും ചുമതലയാണ്. അതിനായി സഭയുടെ സാമൂഹിക സിദ്ധാന്തങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, ഒത്തൊരുമിച്ച് സമൂഹത്തിലെ സാമൂഹിക സന്നദ്ധ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, ജനകീയ മുന്നേറ്റങ്ങൾ, ഗ്രാസ്റൂട്ട് സംഘടനകൾ, രാഷ്ട്രീയമണ്ഡലം എന്നിങ്ങനെയുള്ള മേഖലകളിൽ അൽമായർ പ്രവർത്തന സജ്ജരാകണം" (1, 4, g, സിനർജി ഡോക്കുമെൻറ് 28-10-2023)

"എല്ലാവർക്കും സാമൂഹിക നീതിയും അന്തസ്സുള്ള തൊഴിലും" എന്നതാണ് ഈ വർഷത്തെ മെയ്ദിന ചിന്താവിഷയം. നീതിനിഷ്ഠമായ സമൂഹം രൂപപ്പെടണമെങ്കിൽ 'അന്തസ്സുള്ള തൊഴിൽ' എല്ലാവർക്കും ലഭ്യമാകണം. അന്താരാഷ്ട്രതൊഴിൽസംഘടന (ILO) അന്തസ്സുള്ള തൊഴിലിനായുള്ള അജണ്ട പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏത് തൊഴിലിൽ ഏർപ്പെടുന്നവർക്കും ആവശ്യത്തിന് തൊഴിലും, തൊഴിൽ അവകാശങ്ങളും, സാമൂഹിക സുരക്ഷയും ലഭ്യമാക്കുക എന്നതാണ് അന്തസ്സുള്ള തൊഴിൽ എന്ന പദംകൊണ്ട് ഐ.എൽ.ഒ. ലക്ഷ്യം വയ്ക്കുന്നത്. അൻപത്തഞ്ച് കോടിയോളം തൊഴിലാളികൾ ഇന്ത്യയിൽ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 94 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. സംഘടനയില്ലാത്തവർ മാത്രമല്ല, അസംഘടിതതൊഴിലാളികൾ. പ്രത്യുത, തൊഴിൽ സംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ ലഭ്യമല്ലാത്തവരാണ് ഇവർ. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇന്ത്യയിലെ തൊഴിലെടുക്കുന്നവരിലെ ബഹുഭൂരിപക്ഷവും 'അന്തസ്സില്ലാത്ത തൊഴിൽ' ചെയ്യുന്നവരാണെന്നതാണ്. രാജ്യത്ത് നിതാന്തമായി തുടരുന്ന ദാരിദ്ര്യത്തിന്റെ പ്രധാന കാരണം ബഹുജനങ്ങളുടെ തൊഴിലിന്റെ അസംഘടിതാവസ്ഥയാണ്.

ചെറുകിടകർഷകരും, കർഷകത്തൊഴിലാളികളും ഉൾപ്പെട്ടവരാണ് എറ്റവും വലിയ തൊഴിൽ വിഭാഗം. നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹികതൊഴിലാളികൾ, സ്വയം തൊഴിലധിഷ്ഠിതർ തുടങ്ങി നൂറ്റിയിരുപത്തഞ്ചിൽ പരം തൊഴിൽ വിഭാഗങ്ങളെ സർക്കാർ ലിസ്റ്റ് ചെയ്തിട്ടുണ്ട്. സംഘടിത മേഖലയിലെ അസംഘടിത

തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നുവെന്നത് സമകാലിക പ്രതിഭാസമാണ്. ജിഗ് വർക്കേഴ്സ്, പ്ലാറ്റ്ഫോം വർക്കേഴ്സ് തുടങ്ങിയവർ പുതിയ തൊഴിൽ വിഭാഗങ്ങളാണ്. 94 ശതമാനം വരുന്ന അസംഘടിത തൊഴിലാളികളിൽ 11 ശതമാനം പേരും സംഘടിത മേഖലയിലാണെന്നാണ് പുതിയ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നത്. അസംഘടിതതൊഴിലാളികളിൽ വലിയ വിഭാഗം കുടിയേറ്റതൊഴിലാളികളുമാണ്.

എല്ലാ അസംഘടിത തൊഴിലാളികൾക്കും അന്തസ്സുള്ള തൊഴിൽ ലഭ്യമാക്കേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണ്. എന്നാൽ ഈ വിഭാഗം എണ്ണത്തിൽ വലുതാണെങ്കിലും സുസംഘടിതരല്ലാത്തതിനാൽ വിലപേശൽശക്തി തീരെ കുറഞ്ഞവരാണ്. ആയതിനാൽ ഭരണാധികാരികളുടെയും, രാഷ്ട്രീയ നേതൃത്വത്തിന്റെയും ട്രേഡ് യൂണിയനുകളുടെയും ശ്രദ്ധപിടിച്ചുപറ്റി സമ്മർദ്ദശക്തി ആകാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതുമൂലം ഈ വിഭാഗം കൂടുതൽ അവഗണിക്കപ്പെടുകയും ദാരിദ്ര്യത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും നിപതിക്കുകയും ചെയ്യുന്നു. അജ്ഞതയും ആവശ്യമായ മാർഗനിർദ്ദേശസംവിധാനങ്ങളുടെ അപര്യാപ്തതയും മൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുള്ള ചുരുക്കം ചില സാമൂഹിക സുരക്ഷാപദ്ധതികളിൽ പോലും അംഗങ്ങളാകാൻ ഇവർ വിമുഖരാണ്. ഇതുമൂലം പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാൻ ഇടയാകുന്നു. രാജ്യത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദരിദ്രജനവിഭാഗമായി അസംഘടിത തൊഴിലാളികൾ പരിണമിച്ചിരിക്കുന്നു. വിലക്കയറ്റം, പ്രകൃതിദുരന്തങ്ങൾ, കലാപങ്ങൾ എന്നിവയുടെ ആദ്യത്തെ ഇരകളായി ഈ വിഭാഗം മാറുന്നു.

'മനുഷ്യാന്തസും, സാമൂഹിക നീതിയുമാണ്' തിരുസ്സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ പ്രധാന അന്തസ്സത്ത. "ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യ ദരിദ്രരുടെയും പീഡിതരുടെയും സന്തോഷങ്ങളും പ്രതീക്ഷകളും, വ്യസനങ്ങളും ഉൽക്കണ്ഠകളും ക്രൈസ്തവരുടേതു കൂടിയായതു" (സഭ ആധുനിക ലോകത്തിൽ 1) കൊണ്ടാണ് തിരുസ്സഭ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ തത്പരരായിരിക്കുന്നത്. ബേത്സയ്ദാ കുളക്കരയിൽ ആരും സഹായിക്കാനില്ലാത്തതുമൂലം

(യോഹ 5:7) നീണ്ട മുപ്പത്തെട്ടു വർഷക്കാലം ശയ്യാവലംബിയായ ഒരു രോഗിയെക്കുറിച്ച് സുവിശേഷത്തിൽ പറയുന്നുണ്ട്. ആ രോഗിയെ യേശു സുഖപ്പെടുത്തി മനുഷ്യാന്തസ്സിലേക്ക് ഉയർത്തുന്നുണ്ട്. ആരെങ്കിലും സഹായിക്കാനെത്തും എന്ന പ്രതീക്ഷയിൽ വർഷങ്ങളായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിറുത്തപ്പെട്ടിരിക്കുന്ന അസംഘടിത തൊഴിലാളികളെ സഹായിക്കേണ്ടത് എല്ലാ ക്രൈസ്തവരുടെയും കർത്തവ്യമാണെന്ന കാര്യം വിസ്മരിക്കരുത്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെൻറ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിച്ചുവരുന്നു. ഒരു സർക്കാരിതര സംഘടനയായ കെ എൽ.എം.ന്റെ ആഭിമുഖ്യത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന- കേന്ദ്ര സർക്കാരുകളുടെ വിവിധ തൊഴിലാളി ക്ഷേമനിധികളിൽ തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ട് അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്നു. സ്വയം സഹായ സംഘങ്ങൾ പോലെയുള്ള പ്രവർത്തനങ്ങൾ വഴി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ശ്രമിക്കുന്നു. സഭയുടെ നേതൃത്വത്തിലുള്ള വിദ്യാഭ്യാസ-സാമൂഹിക- അഗതീ പരിപാലനം തുടങ്ങിയ എല്ലാ ശുശ്രൂഷകളും പോലെ സഭയുടെ തൊഴിലാളി ശുശ്രൂഷയും എല്ലാവർക്കും വേണ്ടിയുള്ളതാണ്. അഖിലേന്ത്യാ തലത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള ഘടകമാണ് കെ എൽ എം. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ രൂപപ്പെടുത്താനുള്ള നടപടികൾക്ക് വേണ്ട ഒത്താശ നൽകാനായി കെ.സി.ബി.സി ചുമതലപ്പെടുത്തിയിരിക്കുന്നത് കെ എൽ എം നെയാണ്. ഇക്കാര്യങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ രൂപതകൾക്കും സന്യസ്ത സമൂഹങ്ങൾക്കും കെ.എൽ.എം ലഭ്യമാക്കുന്നതാണ്.

1974 ലാണ് കേരള ലേബർ മൂവ്മെൻറ് പ്രവർത്തനം തുടങ്ങിയത്. ഈ വർഷം സുവർണ്ണ ജൂബിലി വർഷമാണ്. ലേബർ കോൺക്ലേവ്- സെമിനാറുകൾ, വിവിധ ഇനം മത്സരങ്ങൾ തുടങ്ങിയ വ്യത്യസ്ത പരിപാടികൾ ജൂബിലിയോടനുബന്ധിച്ച് നടത്തുവാൻ ആസൂത്രണം

ചെയ്തിട്ടുണ്ട്. ജൂബിലി ആഘോഷങ്ങളുടെ സമാപനം ദിവസം എറണാകുളത്ത് നടക്കുന്ന റാലിയിലും പൊതുസമ്മേളനത്തിലും ഓരോ രൂപതാ ഘടകത്തിൽ നിന്നും പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കേണ്ടതാണ്.

എല്ലാ ഇടവകകളിലും കെ.എൽ.എം.ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ ആരംഭിക്കാൻ മുൻകൈ എടുക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇടവകയിലെ എല്ലാ തൊഴിലാളികളെയും സാമൂഹിക സുരക്ഷാസംരക്ഷണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രത്യേക പദ്ധതി ജൂബിലി വർഷം പ്രമാണിച്ച് നടപ്പിലാക്കുന്നത് നല്ലതാണ്. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കായുള്ള ദിവ്യബലി, സാമൂഹിക സുരക്ഷാ കാമ്പെയ്ൻ, സെമിനാറുകൾ തുടങ്ങിയ വിവിധ പരിപാടികളോടെ മെയ്ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആചരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സ്വർഗീയ മാദ്ധ്യസ്ഥവും എല്ലാ തൊഴിലാളി സഹോദരങ്ങളുടെ മേൽ ഉണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്, എല്ലാവർക്കും ഒരിക്കൽ കൂടി മെയ്ദിനാശംസകൾ നേരുന്നു.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

## CIRCULAR - 15

### വൈദികരുടെ വാർഷികധ്യാനം – 2024

2024–ലെ വൈദികരുടെ വാർഷികധ്യാനം 2024 ജൂലൈ 21 മുതൽ ആഗസ്റ്റ് 2 വരെ നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. ആദ്യബാച്ച് ജൂലൈ 21 മുതൽ 26 വരെയും രണ്ടാമത്തെ ബാച്ച് ജൂലൈ 28 മുതൽ ആഗസ്റ്റ് 2 വരെയുമാണ് ക്രമീകരിച്ചിരിക്കുന്നത്. വാർഷികധ്യാനത്തിന്റെ മറ്റു വിവരങ്ങൾ താമസംവിനാ നിങ്ങളെ അറിയിക്കുന്നതാണ്.

എറണാകുളം
15.04.2024

✠ *ജോസഫ് കളത്തിപ്പറമ്പിൽ*
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

## NOTIFICATION - 6

The following Rev. Brothers of the Archdiocese of Verapoly were ordained Deacons by His Grace the Archbishop Joseph Kalathiparambil at St. Francis Assisi Cathedral, Ernakulam on 8th April 2024.

1. Rev. Bro. Jatin Joy Erandathara
2. Rev. Bro. Mixon Raphael Puthenparambil

Ernakulam
11-04-2024

**Chancellor**
Archdiocese of Verapoly

NOTIFICATION - 7

## APPOINTMENTS

**Rev. Fr. Albin Thomas Tharayil OCD**
Asst. Parish Priest
Basilica of Our Lady of Mount Carmel & St. Joseph
Varappuzha - 683 517.

## DISTRICT DIRECTORS OF COMMISSION FOR CATECHETICS

**I Forane District**

**Rev. Fr. Emmanuel Azure Alex Panakkal**
Asst. Parish Priest
St. Francis Assisi Cathedral
Ernakulam, Cochin - 682 031

**II Forane District**

**Rev. Fr. George Tinku Punnakkattussery**
Asst. Parish Priest
Sacred Heart of Jesus Church, Kothad - 682 027.

**III Forane District**

**Rev. Fr. Sebi Victor Thundiparambil**
Asst. Parish Priest, Little Flower Church,
Pottakuzhy, N. Kaloor - 682 017.

**IV Forane District**

**Rev. Fr. Rinoy Xavier Kalapurakkal**
Asst. Parish Priest
St. Mary Magdalene’s Church
Moothedom, Maradu - 682 304.

**V Forane District**

**Rev. Fr. Dominic Kanappilly**
Parish Priest, Lourde Matha Church
Thevakkal, Cochin - 682 021

**VI Forane District**

**Rev. Fr. Rinoy Thomas Nedumparambil IVDei**
Asst. Parish Priest
St. Anne's Church, Thottakattukara
Alwaye - 683 108.

**VII Forane District**

**Rev. Fr. Jobin Panikulam**
Priest in Charge
St. Antony's Church, Chirayam-682032

**VIII Forane District**

**Rev. Fr. Lipin Jose Kooliyath**
Asst. Parish Priest
St. George's Church
Vadel, Nayarambalam P.O.- 682 509.

Chancellor

# CASUS
# APRIL 2024

Q: John and Mary have been living together for 10 years. They have two children and consider themselves married in the eyes of God and their community. However, their marriage ceremony ten years ago was witnessed only by a close friend, not by two official witnesses as required by Canon Law. John and Mary were young and unaware of this formality at the time. Now, they would like their marriage to be recognized by the Church and are wondering what steps they need to take. Does John and Mary's marriage require simple convalidation or radical sanation according to Canon Law 1983?

Canon law provides two methods for the validation of invalid marriages: **simple convalidation** and ***radical sanation***. Validation of a marriage, like making one's consent for the first time, is serious. The pastoral minister is to be assured that the validation is being done for the right reason. If a couple is not validating their marriage in order to have a marriage as the Church understands marriage, the couple should first receive pastoral counseling. The use of either form of validation will depend upon the circumstances of each couple. The priest must spend time getting to know the couple and their circumstances before deciding how to validate the marriage.

## Simple Convalidations

The first method, **simple convalidation,** (canons 1156-1160) requires:

- that the participating parties be aware that their present marriage is invalid,
- be aware of why the marriage is invalid, and
- give consent which is something other than a mere affirmation of the first and original consent.

Experience strongly suggests that many convalidation ceremonies are, in fact, invalid and actually fail to validate the marriage. This happens because the participating parties either fail to believe that the marriage, prior to the convalidation ceremony, is invalid, or fail, during the convalidation ceremony, to give the required new consent. The convalidation may also be invalid if it is presented to them as simply a Church "blessing" of their first vows. Given these difficulties, it is at times, advisable to consider using *radical sanation*.

The second method for the validation of an invalid marriage is ***radical sanation*** (canons 1161-1165). *Radical sanation* is an act of a competent authority which removes the obstacle(s) impeding the consent of the parties from having its natural effects. With this removal the marriage becomes valid from the moment of the elimination of the obstacle(s), and not retroactively to the moment in which the consent was given — this is impossible. The past cannot be changed. The marriage was initially either valid or invalid. However, by a fiction of law the effects of the marriage are considered to exist from the moment of the consent.

*Radical sanation*, unlike simple convalidation, does not require the parties to renew consent ceremonially, or to be knowledgeable of the fact or cause of the marital invalidity. It is a decree issued by the competent Church authority and includes, if pertinent, a dispensation from certain impediments, as well as from canonical form. It validates the marriage from the moment the favor is granted by the competent authority.

### *Radical Sanation*

There are generally two occasions when a *radical sanation* is requested:

- When there has been an invalidating defect in an attempted Catholic ceremony (failure to acquire delegation or a dispensation from disparity of cult, etc.); or
- When a couple has married civilly and for appropriate pastoral reasons the original marriage ceremony should be recognized.

**A *Radical sanation***

- can be granted with or without the parties being aware of the fact that it is being granted,
- can be granted as long as true, effective consent has already been given by both parties,
- if one or the other, or both, have not given marital consent or have revoked consent, the *sanation* cannot be granted. Marital consent can only be given by the parties themselves; Church authority cannot supply it.

A diocesan bishop, as well as others to whom the diocesan bishop grants the delegated faculty, may validly grant *radical sanations* in response to individual requests, except regarding marriages which are invalid due to the following impediments, in which case, ***only the Holy See*** is competent to sanate: 1. sacred orders (canon 1078 §2) 2. public perpetual vow of chastity in a religious institute of pontifical right (canon 1078 §2) 3. crime (canon 1078 §2) 4. prior bond (canon 1165 §2)

If either party is aware of the *sanation*, the ordinary conditions required for mixed marriage (canon 1125) apply to the granting of a *sanation*:

- the Catholic party declares his or her desire to continue the practice of the faith,
- the Catholic party promises to do everything possible to have all the children baptized and raised as Catholics, the non-Catholic party is informed of the Catholic declaration and promise, and
- both parties are instructed on the essential ends and properties of marriage.

Following the usual pre-nuptial investigation and gathering of the pertinent documentation, the petition for a *radical sanation* takes the form of a letter from a priest only and directed to the competent authority. It should include the pertinent facts of the case, the reasons why the marriage is

invalid, and the reasons why the *sanation* is being requested. There must be assurance that the marital consent still exists on the part of both parties and is free of defects. All original documents collected should be retained in the marriage file; ***COPIES*** (and only copies) of the following documents must accompany the petition letter:

1. completed bride/groom form; 2. marriage certificate, 3. recently issued certificate of baptism or profession of faith of the Catholic party, and, 4. if applicable, final tribunal letter(s)/decree(s) affirming one's freedom to marry.

In John and Mary's case, their marriage would likely require simple convalidation according to Canon Law 1983.

**Defect in Form**: The issue with their marriage lies in the lack of proper witnesses. Canon Law (can. 1108) requires the presence of two witnesses and the Ordinary (usually the local bishop) or a priest and two witnesses for a valid marriage ceremony.

**Valid Consent**: The scenario suggests they exchanged vows and intended to enter a lifelong marriage covenant. This implies they had valid consent, a crucial element for a valid marriage.

**Simple Convalidation**: Since the defect lies only in the lack of proper witnesses, which is a formality, simple convalidation would be the appropriate course of action. This process involves renewing their marital consent in the presence of the Ordinary (or a delegated priest), two official witnesses, and possibly a pastoral minister.

**Radical Sanation (Not Applicable)**: Radical sanation is used for more substantial issues like impediments (e.g., underage, existing marriage) or lack of consent at the time of the ceremony. Since John and Mary seemingly had valid consent, radical sanation wouldn't be necessary.

By undergoing simple convalidation, John and Mary's marriage would be recognized as valid by the Church, with all the canonical effects of a

sacramental marriage. They would likely need to contact their local parish priest to initiate the process of simple convalidation.

**Questions:**

1. What steps are involved in obtaining simple convalidation?
2. What are the various impediments that can be dispensed with through radical sanation?
3. What are the pastoral considerations for a priest who encounters a couple seeking convalidation or sanation of their marriage?

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre,  Kakkanad, Kochi - 21